# Sigillum Dei Vivi

## ജീവിക്കുന്ന ദൈവത്തിന്റെ മുദ്ര

എല്ലാ ദൈവ മക്കളുടെയും
സംരക്ഷണത്തിനായി
**മരിയ ഡിവൈൻ മേഴ്സി ക്ക്**
പിതാവായ ദൈവത്തിൽ നിന്നും
സമ്മാനമായി ലഭിച്ച
ഒരു പ്രത്യേക പ്രാർത്ഥനയാണിത്.
*(ഫെബ്രുവരി 20, 2012 ന് ലഭിച്ച*
*351–ാമത്തെ സന്ദേശം)*




ഈ മുദ്ര സ്വീകരിക്കുന്ന
ഓരോരുത്തർക്കും അവരുടെ
കുടുംബാംഗങ്ങൾക്കും
ഈശോയുടെ രണ്ടാമത്തെ വരവു
വരെയുള്ള കാലങ്ങളിൽ
സംരക്ഷണം ലഭിക്കുന്നതാണ്

*ഇപ്പോൾത്തന്നെ ഉണർന്നെണീറ്റ്, എന്റെ ഈ മുദ്ര, ജീവിക്കുന്ന ദൈവത്തിന്റെ മുദ്ര, സ്വീകരിക്കൂ. ഈ മുദ്ര, സ്നേഹത്തോടും സന്തോഷത്തോടും നന്ദിയോടും കൂടെ സ്വീകരിക്കുന്നതിനായി ഈ ക്രൂസേഡ് പ്രാർത്ഥന (33) ചൊല്ലുക.*

**ഓ** എന്റെ ദൈവമേ, എന്റെ സ്നേഹപിതാവേ, അങ്ങയുടെ ദൈവിക സംരക്ഷണ മുദ്ര, സ്നേഹത്തോടും നന്ദിയോടും കൂടി ഞാൻ സ്വീകരിക്കുന്നു. അവിടുത്തെ ദൈവത്വം, എന്റെ ശരീരത്തെയും ആത്മാവിനേയും നിത്യതക്കായി ആവരണം ചെയ്യുന്നു. എന്റെ പ്രിയ പിതാവേ, എളിയ നന്ദി പ്രകടിപ്പിച്ചുകൊണ്ട്, അങ്ങയുടെ മുൻപിൽ ഞാൻ കുമ്പിടുകയും, എന്റെ ആഴമായ സ്നേഹവും വിധേയത്വവും അങ്ങേയ്ക്ക് സമർപ്പിക്കുകയും ചെയ്യുന്നു. എന്നെയും എന്റെ പ്രിയപ്പെട്ടവരേയും, ഈ പ്രത്യേക മുദ്രയാൽ സംരക്ഷിക്കണമേയെന്ന് ഞാൻ യാചിക്കുകയും, എന്റെ ജീവിതം, എന്നെന്നേയ്ക്കും അങ്ങയെ സേവിക്കുന്നതിനായി സമർപ്പിക്കുകയും ചെയ്യുന്നു. പ്രിയ പിതാവേ അങ്ങയെ ഞാൻ സ്നേഹിക്കുന്നു. പ്രിയ പിതാവേ ഈ കാലഘട്ടത്തിൽ അങ്ങയെ ഞാൻ ആശ്വസിപ്പിക്കുന്നു. അങ്ങയുടെ തിരുക്കുമാരന്റെ ശരീരവും, രക്തവും, ആത്മാവും ദൈവത്വവും, ലോകം മുഴുവന്റെയും പാപങ്ങൾക്ക് പരിഹാരമായും, അങ്ങയുടെ എല്ലാ മക്കളുടെയും രക്ഷയ്ക്കായും, അങ്ങേയ്ക്കു ഞാൻ സമർപ്പിക്കുന്നു. ആമ്മേൻ.

*ഭയപ്പെടാതെ മുന്നോട്ടു പോകൂ മക്കളേ. നിങ്ങളുടെ സ്നേഹപിതാവും, നിങ്ങളെ ഓരോരുത്തരേയും സൃഷ്ടിച്ചവനുമായ എന്നിൽ ശരണം വയ്ക്കുക. നിങ്ങളിലാരും, മറ്റാരേയുംകാൾ കുറച്ച് സ്നേഹിക്കപ്പെടുന്നില്ല. അതുകൊണ്ട്, നിങ്ങളിലാരും, ഒരാൾപോലും, നഷ്ടപ്പെടുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്റെ കരുണയുടെ ജപമാല എല്ലാ ദിവസവും ചൊല്ലുന്നത് തുടരുക.*
*ഈ ശുദ്ധീകരണം എന്തുകൊണ്ട് ആവശ്യമായി വരുന്നെന്ന് ഒരുദിവസം നിങ്ങൾ മനസ്സിലാക്കും.*

**നിങ്ങളുടെ സ്നേഹമുള്ള സ്വർഗ്ഗീയ പിതാവ്**

**അത്യുന്നതനായ ദൈവം**